# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

2007 മാർച്ച് 29 വ്യാഴം


## പ. കാതോലിക്കാ ബാവായുടെ ആരോഗ്യനില മെച്ചപ്പെടുന്നു

കോട്ടയം: പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ ആരോഗ്യനില അതിവേഗം സാധാരണ നിലയിലെത്തിക്കൊണ്ടിരിക്കുകയാണെന്ന് പ. ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഡോ. സാബു കുര്യാക്കോസ് 'അൽമായവേദി'യോട് പറഞ്ഞു. മാർച്ച് 23 നാണ് നേരിയ ഹൃദയാഘാതത്തെ തുടർന്ന് ബാവാ തിരുമേനിയെ കോട്ടയം കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വിദഗ്ദ്ധ ഡോക്ടർമാരുടെ പരിചരണത്തിൽ അദ്ദേഹം അതിവേഗം സുഖം പ്രാപിച്ചു വരുന്നതായാണ് അറിയുന്നത്.

സഭാംഗങ്ങൾ എല്ലാവരും ബാവാ തിരുമേനിയുടെ രോഗ സൗഖ്യത്തിനായി പ്രാർത്ഥിക്കണമെന്ന് ഓർത്തഡോക്സ് അൽമായവേദി അഭ്യർത്ഥിച്ചു.



ഞങ്ങളുടെ മാർഗദീപം

## ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സന്ദേശം

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**

ക്രിസ്തുവിന്റെ സന്ദേശം ഒരു കാലത്തും ഒറ്റവാക്കിലൊതുക്കാൻ ആവാത്തതു തന്നെ. എന്നാൽ ഇന്ന് ദാരിദ്ര്യവും അജ്ഞതയും യുദ്ധഭീതിയും അഴിമതിയും നടമാടുന്ന ലോകത്തിൽ 'ക്രിസ്തു ഉയിർത്തെഴുന്നേറ്റു' എന്നൊരു സന്ദേശത്തിന് വല്ല പ്രസക്തിയുമുണ്ടോ എന്ന് ക്രിസ്ത്യാനികൾ തന്നെ ഇരുന്നു ചിന്തിക്കേണ്ടതാണ്.

ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നത് ഇന്നത്തെ ജനങ്ങൾക്ക് ബോധ്യമാവണമെങ്കിൽ മരണത്തിന്റെയും അന്ധകാരത്തിന്റെയും ശക്തികളെ അടിച്ചോടിക്കുന്ന ഒരു ശക്തി ക്രിസ്ത്യാനികളിൽ നിന്നുണ്ടാവണം.

ഇന്നു നമ്മുടെ നാട്ടിലുള്ള കൈക്കൂലിയിലും അഴിമതിയിലും മറ്റാരുടെയും പിറകിലല്ല ക്രിസ്ത്യാനികൾ. ഈ പ്രലോഭനങ്ങൾക്കെതിരെ ധാർമ്മിക ശക്തിയോടെ മല്ലിടുന്ന മനുഷ്യർ ക്രിസ്ത്യാനികളുടെയിടയിലെന്നപോലെ മറ്റു സമുദായങ്ങളിലുമുണ്ട്. എങ്കിലും **ധാർമികതയ്ക്കുവേണ്ടി സ്വന്ത താൽപര്യങ്ങളെ ബലികഴിക്കുവാനുള്ള ശക്തിയാണല്ലോ ക്രിസ്തുവിന്റെ ക്രൂശിന്റെ പ്രത്യേകത.** ആ ക്രൂശിന്റെ ശക്തി ക്രിസ്ത്യാനികളിൽ ധാരാളമായി കാണു

## കോനാട്ടച്ചന് അൽമായവേദി സ്വീകരണം നൽകുന്നു

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ പിന്തുണയോടെ മലങ്കരസഭാ വൈദിക ട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിച്ച് വിജയിച്ച ഫാ. ജോൺസ് ഏബ്രഹാം കോനാട്ടിന് ഓർത്തഡോക്സ് അൽമായവേദി ഏപ്രിൽ 14 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് കോട്ടയത്ത് സ്വീകരണം നൽകുന്നു.

സമ്മേളനത്തിൽ കത്തിപ്പാറത്തടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. കെ. കെ. വർഗീസിനെയും ആദരിക്കുവാൻ ഓർത്തഡോക്സ് അൽമായവേദി സെക്രട്ടറിയേറ്റ് തീരുമാനിച്ചു.

മ്പോഴേ, ഉയിർത്തെഴുന്നേൽപിനെക്കുറിച്ചുള്ള അവരുടെ പ്രഖ്യാപനത്തിന് കാര്യമായ അർഥമുണ്ടാകൂ.

ക്രൂശില്ലാതെ ഉയിർത്തെഴുന്നേൽപില്ല എന്നതാണു ക്രിസ്തീയ സന്ദേശം. ഉയിർപ്പിന്റെ ധാർമികശക്തി മനുഷ്യ രാശിയിൽ പടരണമെങ്കിൽ ക്രൂശു വഹിക്കാൻ തയാറുള്ള ക്രിസ്ത്യാനികൾ ധാരാളമുണ്ടാകണം. ധാർമികതയ്ക്കു വേണ്ടി ത്യാഗം അനുഷ്ഠിക്കുന്ന മനുഷ്യർ ക്രിസ്ത്യാനിക ളുടെയിടയിലും മറ്റു സമുദായങ്ങളിലുമുണ്ട്. എങ്കിലും അധർമ്മത്തിനെതിരായ ഒരു സമഗ്രമായ ആക്രോശനം നമ്മുടെ ഭാരതീയ ജനതയിൽ നിന്ന് ഇപ്പോഴും ഉയരുന്നില്ല എന്നതാണ് പരിതാപകരമായിത്തോന്നുന്നത്.

ആന്തുലെ അനേക ലക്ഷങ്ങൾ അടിച്ചമർത്തിയെന്നു പറ യുമ്പോഴോ, മന്ത്രിമാർ കൈക്കൂലി വാങ്ങി പണക്കാരായി എന്നു കേൾക്കുമ്പോഴോ നമുക്കുണ്ടാകുന്ന വികാരമെ ന്താണ്? അവർ സമർഥരായതുകൊണ്ട് അവർക്കതു സാധിച്ചു എന്നൊരു ചിന്തയല്ലാതെ, **എത്ര വലിയവനാ യാലും അഴിമതിയും കൈക്കൂലിയും കൊണ്ടു പണമു ണ്ടാക്കുന്നവനെ ശരിയായി ശിക്ഷിക്കണമെന്നൊരു തോന്നൽ അധികം മനുഷ്യർക്കുമുണ്ടാവുന്നില്ല.** പത്രങ്ങ ളിലും ആ രീതിയിൽ വളരെയൊന്നും കാണുന്നില്ല.

ബീഹാറിലും മറ്റു പ്രദേശങ്ങളിലും ഗിരിജനങ്ങളെയും ഹരിജനങ്ങളെയും നിർദയം മർദിക്കുകയും ചൂഷണം ചെയ്യു കയും ചെയ്യുന്ന ഭൂവുടമകളെപ്പറ്റി നമുക്കുണ്ടാവുന്ന രോഷ ത്തിന്റെ പരിമാണം എത്രയോ ചെറിയതാണ്. കേരളത്തിൽ പാവപ്പെട്ടവരെ അത്രതന്നെ നിഷ്കരുണം പീഡിപ്പിക്കുവാൻ സാധ്യമല്ലെന്നത് വാസ്തവം തന്നെ. എന്നാൽ അധ്വാനിക്കാ തെ പണമുണ്ടാക്കുക എന്നതല്ലേ ഇന്ന് നമ്മിലധികം പേരു ടെയും ജീവിതലക്ഷ്യം?

**ക്രിസ്തുവിന്റെ ക്രൂശ് വഹിക്കുക എന്നു പറഞ്ഞാൽ ഇന്ന് അഴിമതിക്കും ചൂഷണത്തിനുമെതിരെ ശബ്ദമു യർത്തുകയാണ്.** രാഷ്ട്രീയക്കാരുടെ ഇടയിൽ മാത്രമല്ല ഇന്ന് അഴിമതി നടമാടുന്നത്. അവരുടെയിടയിലും സത്യ സന്ധതയും ധാർമികബോധവുമുള്ള കുറെപ്പേരുണ്ട്. പക്ഷേ ക്രൈസ്തവ സഭകളിലും സഭയുടെ വകയായി നടത്തപ്പെ ടുന്ന സ്ഥാപനങ്ങളിലും കാണുന്ന ധാർമികതയുടെ നില വാരം എത്രയോ താഴ്ന്നതാണ്?

ക്രിസ്തുവിന്റെ ക്രൂശു വഹിക്കുക എന്നു പറഞ്ഞാൽ അധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും 'സംഭാ വന' വാങ്ങി നടത്തുന്ന സ്ഥാപനങ്ങൾ നടന്നില്ലെന്നു വരും. പലർക്കും തൊഴിലില്ലാതായി എന്നു വരും. വളരെപ്പേർക്ക് കോളജിൽ പഠിക്കാൻ സാധിച്ചില്ലെന്നു വരും. പക്ഷേ ആ കുരിശു വഹിക്കാതെ ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന് കൊണ്ടാടുന്നതിൽ അസാംഗത്യമില്ലേ എന്ന് എല്ലാ ക്രിസ്ത്യാനികളും അവരുടെ നേതാക്കന്മാരും ചിന്തിക്കേ ണ്ടതാണ്.

ഉയിർത്തെഴുന്നേൽപിന്റെ സന്ദേശം ആനന്ദത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശമാണ്. പക്ഷേ, ഉയിർത്തെഴുന്നേല്പിലേക്കുള്ള വഴി ക്രൂശിൽക്കൂ ടെയല്ലേ? **കുറെ ത്യാഗങ്ങൾ മനുഷ്യരും സ്ഥാപനങ്ങളും അനുഷ്ഠിക്കാതെ ഒരു സമൂല പരിവർത്തനം നമ്മുടെ സമൂഹത്തിലുണ്ടാകുമോ?** അതിന് നാം തയ്യാറുണ്ടോ എന്ന താണ് സമൂഹത്തിൽ ധാർമികതയുടെ പതനത്തെപ്പറ്റി നാം വിലപിക്കുമ്പോഴൊക്കെ ചിന്തിക്കേണ്ടത്.

ക്രിസ്തു ഉയിർത്തെഴുന്നേറ്റു. പക്ഷേ, മനുഷ്യരാശിയി ലിന്നും മരണമാണു നടമാടുന്നത്. ലോകത്തിൽ സമാധാ നമില്ല. ധനികനും ദരിദ്രനും തമ്മിലുള്ള വിടവ് അകന്നകന്നു വരുന്നു. കോടിക്കണക്കിനു ജനങ്ങൾ ഉണ്ണാനും ഉടുക്കാനു മില്ലാതെ കഷ്ടപ്പെടുന്നു. പാശ്ചാത്യരാജ്യങ്ങളിൽ പോലും തൊഴിലില്ലാത്തവരുടെ സംഖ്യ അനുദിനം വർധിച്ചുവരുന്നു.

രാഷ്ട്രീയത്തിലും ഗവൺമെന്റിലും അഴിമതി അഴിഞ്ഞാ ടുന്നു. പണമുള്ളവർക്ക് മനഃസമാധാനമില്ല. സ്വന്ത സുഖവും ആഗ്രഹപൂരണവും തേടിപ്പോയ മനുഷ്യർ സ്വാർഥത്തിന്റെ വലിയ കിണറ്റിൽ വീണുകിടന്ന് നിലവിളിക്കുന്നു. അവനെ വലിച്ചു കയറ്റാനാളില്ല.

സുഖമോഹവും സ്നേഹരാഹിത്യവും ഒരുമിച്ചാണ് മര ണത്തെ മാടിവിളിച്ചുകൊണ്ടുവരുന്നത്. മനുഷ്യരാശിയുടെ രോഗം മാറണമെങ്കിൽ ക്രിസ്തുഭഗവാൻ കാണിച്ചുതന്ന ത്യാഗാത്മകമായ സ്നേഹത്തിന്റെ പന്ഥാവിൽ ചരിപ്പാൻ വ്യക്തികളും സമൂഹങ്ങളും തയാറാകണം.

സമുദായങ്ങൾ പരസ്പരം മൽസരിച്ച്, തങ്ങളെത്തന്നെ ഉയർത്തിക്കാട്ടി വീമ്പടിക്കാൻ ശ്രമിക്കാതെ പരസേവന ത്തിൽ വ്യഗ്രരാകുമ്പോൾ അവരറിയാതെ അവർക്ക് മഹ ത്വമുണ്ടായിക്കൊള്ളും. മറ്റുള്ളവർക്കുവേണ്ടി, തങ്ങളുടെ ജീവൻ നൽകുന്നതിനേക്കാൾ വലിയ സ്നേഹമില്ല. അതാണ് ക്രൂശിന്റെ മാർഗം. ദരിദ്രന്റെ ഉന്നമനത്തിലും മർദി തനെയും ചൂഷിതനെയും സംരക്ഷിക്കുന്നതിലും നാം ജീവി തലക്ഷ്യപൂരണം കണ്ടെത്തുവാൻ ശ്രമിക്കുമ്പോൾ ക്രൂശി ന്റെയും ഉയിർത്തെഴുന്നേൽപിന്റെയും ശക്തിയുള്ള സന്ദേ ശത്തിനു സാംഗത്യമുണ്ടാകും. *(മലയാള മനോരമ സൺഡേ സപ്ലിമെന്റ്, 11 ഏപ്രിൽ 1982)*

## സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

**ദൈവപുത്രാ, വിശുദ്ധ സഭയ്ക്കു നിരപ്പു കൊടുക്കു കയും അതിൽ നിന്നു ദുഷ്ട ഭിന്നതകളെയും പിരിച്ചില്കളെയും ഇല്ലാതാക്കുകയും ചെയ്യണമെ. തർക്കങ്ങൾ ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം അതിന്റെ വാതിലുകളെ നിന്റെ സ്ലീബായാൽ മുദ്ര വയ്ക്കണമെ. തർക്കക്കാരുടെ കലഹി പ്പിക്കുന്ന തർക്കം അതിൽ പ്രവേശിക്കയും അരുതേ.**

**മ്ശിഹാരാജാവേ, വിശുദ്ധസഭ നിന്നാൽ ഉയർത്തപ്പെടുകയും അതിലെ തലവന്മാരും ശുശ്രൂഷകന്മാരും നിരപ്പാക്കപ്പെടുകയും ചെയ്യണമെ.**

**കർത്താവേ, വിശുദ്ധ സഭയിൽ സമാധാനം വർദ്ധിക്കയും അതിന്റെ കൂട്ടം ആർപ്പുവിളിക്കയും, അതിന്റെ മക്കൾ സന്തോഷിക്കയും, അതിന്റെ തല ഉയർത്തപ്പെടുകയും, അതിന്റെ മഹത്വം വർദ്ധിക്കയും, അതിന്റെ കിരീടത്തിന് ഉന്നതി ലഭിക്കയും, അതിന്റെ മടി നിറയുകയും, അതിന്റെ മക്കൾ വർദ്ധിക്കയും, അതിന്റെ ശത്രുക്കൾ വീണുപോക യും ചെയ്യണമെ. അതിന്റെ ശത്രുക്കൾ ലജ്ജിക്കയും, അതിന്റെ മക്കളിൽ അത് സന്തോഷിക്കയും, അതിന്റെ കൂട്ടങ്ങളിൽ അത് ആനന്ദിക്കയും, അതിന്റെ ഭരണക്കാരിൽ അത് ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. അതിനെ പുതുതാക്കുന്നവർ മഹത്വത്തിന്റെ ശബ്ദങ്ങളാൽ അതിൽ സ്തുതിപാടുമാറാകണമെ.**

**ഞങ്ങളുടെ കർത്താവെ, നാനാഭാഗങ്ങളിലുള്ള നിന്റെ സഭയെ നീ നിരപ്പാക്കണമെ. തിരുവിഷ്ടപ്രകാരം അതിനെ ശുശ്രൂഷിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കണമെ. സത്യപ്രകാശം അതിൽ ശോഭയോടെ പ്രകാശിക്കണമെ. അതു പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാനായിട്ടു സന്തോഷ ങ്ങളുടെ മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും അതിനു നീ കൊടുക്കണമെ, ആമ്മീൻ.**

# കുഞ്ഞൂഞ്ഞിനോട് ഇതു വേണമായിരുന്നോ?

**മാത്തുക്കുട്ടിച്ചായൻ**

യാക്കോബായ എന്ന് സ്വയം വിശേഷിപ്പിക്കുന്ന പുത്തൻകുരിശു സൊസൈറ്റി എന്ന വിഘടിതരുടെ വക പ്രസിദ്ധീകരണമായ *വിശ്വാസസംരക്ഷകന്റെ* കഴിഞ്ഞ ഒരു ലക്കം വായിച്ചപ്പോൾ തോന്നിയ ഒരു ചിന്തയാണിത്. മാർക്ക് ആന്റണിയുടെ വിശ്വപ്രസിദ്ധമായ സീസറിന്റെ ശവസംസ്കാര പ്രസംഗത്തിലെ ഒരു പദപ്രയോഗം കടമെടുത്താൽ "The most unkindest cut." അധികാരമുണ്ടായിരുന്നപ്പോൾ വിഘടിതർക്ക് കൊടുത്ത അസംഖ്യം വഴിവിട്ട സേവനങ്ങൾക്ക് മുഖ്യമന്ത്രി കസേര നഷ്ടപ്പെട്ട് നിൽക്കുന്ന പുതുപ്പള്ളിക്കാരുടെ കുഞ്ഞൂഞ്ഞിനെ തള്ളിപ്പറഞ്ഞതിനെ വിശേഷിപ്പിക്കുവാൻ ശക്തമായ മലയാളഭാഷയിൽ വേറൊരു പദപ്രയോഗം കിട്ടാനില്ല.

തനിക്ക് കക്ഷിയും പക്ഷവുമില്ലെന്ന് പ്രഖ്യാപിക്കുകയും പ്രവർത്തിയിലൂടെ തന്റെ പിന്തുണ വിഘടിതർക്കാണെന്ന് കാണിക്കുകയും ചെയ്ത കുഞ്ഞൂഞ്ഞ് ഓർത്തഡോക്സ് സഭയുടെ തൂണും മൽപ്പാനുമാണെന്ന് ഇപ്പോൾ കണ്ടുപിടിച്ച വിഘടിതരുടെ ടൈമിംഗ് ഗംഭീരം. സഭാതർക്കത്തിൽ സാമാന്യനീതിയും ന്യായവും നടപ്പാക്കുന്ന ഇടതുപക്ഷ ഗവൺമെന്റിനെ തങ്ങളുടെ വഴിക്ക് കൊണ്ടുവരാൻ പറ്റിയ ആയുധം ഓർത്തഡോക്സ് സഭ എന്നാൽ ഉമ്മൻചാണ്ടിയുടെ സഭയാണെന്ന് വരുത്തിതീർക്കുകയും അതിലൂടെ ഇടതുപക്ഷ ഗവൺമെന്റിൽ നിന്നും, കുഞ്ഞൂഞ്ഞിൽ നിന്നും ലഭിച്ചതു പോലുള്ള വഴിവിട്ട സഹായങ്ങൾ തുടർന്നും ലഭിക്കുകയും സർക്കാർ പിന്തുണയോടെ ഓർത്തഡോക്സ് സഭയെ ദ്രോഹിക്കാമെന്ന തന്ത്രം ഏത് ചാണക്യന്റെ തലയിലാണാവോ ഉദിച്ചത്?

ആന്റണിയുടെ ഭരണകാലത്ത് മുഖ്യമന്ത്രിയുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരനും യു. ഡി. എഫ്. കൺവീനർ എന്ന നിലയിലും പിന്നീട് സ്വയം മുഖ്യമന്ത്രി സ്ഥാനമേറ്റപ്പോൾ നേരിട്ടും എന്തെല്ലാം വഴിവിട്ട സഹായങ്ങൾ വിഘടിതർക്ക് കുഞ്ഞൂഞ്ഞിൽ നിന്നും ലഭിച്ചില്ല!

1. ചികിത്സക്കെന്നു പറഞ്ഞ് വിസ സമ്പാദിച്ച് മണർകാടുൾപ്പെടെയുള്ള പള്ളികളിൽ കയറി നിയമം ലംഘിച്ച പാത്രിയർക്കീസിന്റെ സന്ദർശനത്തിന് സംസ്ഥാനാതിഥി പദവി നൽകി. വിസചട്ടങ്ങൾ ലംഘിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ ബാദ്ധ്യസ്ഥനായ സർക്കാരിന്റെ പോലീസ് സംരക്ഷണത്തോടെ നിയമം ലംഘിക്കുവാൻ സഹായം നൽകി. ചികിത്സക്ക് വേണ്ടി വിസ സമ്പാദിച്ചയാൾ കേരളത്തിൽ വന്ന് ഒരു ആസ്പരിൻ ഗുളികയോ അല്പം ദശമൂലാരിഷ്ടമോ പോലും കഴിക്കാതെ മൂറോൻ കൂദാശയുൾപ്പെടെയുള്ള മതകർമ്മങ്ങൾ നടത്തിയതിന് ചൂട്ടുപിടിച്ചു കൊടുത്തതിന് ഇപ്പോൾ അതേ വിഭാഗത്തിൽ നിന്നും ലഭിച്ച തള്ളിപ്പറയലിൽ ഒരു കാവ്യനീതിയുണ്ട് ( മൂറോൻ കൂദാശ എന്നു കേട്ട് പരിഭ്രമിക്കേണ്ട. മോരുകാച്ചാനുള്ളത്ര ഒരുക്കം പോലുമില്ലാത്ത ഒരു കർമ്മം കഴിക്കലായിത്തീർന്നു അതെന്നത് വേറൊരു വശം).

2. എസ്. എൻ. ട്രസ്റ്റ് സംബന്ധിച്ച കോടതിവിധി നടപ്പാക്കാൻ "ഓപ്പറേഷൻ ബ്ലൂസ്റ്റാർ" പോലെ ഗംഭീരമായ പോലീസ് ആക്ഷൻ നടത്തിയവർ ഓർത്തഡോക്സ് സഭയിലെ പ്രശ്നത്തിൽ നടത്തിയ ഇരട്ടത്താപ്പ് പകൽ പോലെ വ്യക്തമല്ലേ? നാല് റൗഡികൾ മുണ്ടുകേറ്റി മടക്കികുത്തി മീശ പിരിച്ചു കാണിക്കുമ്പോൾ ക്രമസമാധാനം പറഞ്ഞ് പള്ളികൾ പൂട്ടിക്കയും അവയിൽ ചിലതെല്ലാം പിന്നാമ്പുറം കളിയിലൂടെ വിഘടിതർക്ക് തുറന്നു കൊടുക്കയും ചെയ്തപ്പോൾ, മതകാര്യങ്ങളിൽ ഗവണ്മെന്റ് ഇടപെടുകയില്ലെന്ന ഒട്ടകപക്ഷി നയം പുലർത്തിയത് മറക്കുവാൻ നേരമായിട്ടില്ല. നിയമാനുസൃതം വി. കുർബ്ബാനയർപ്പിച്ചു കൊണ്ടിരുന്ന ഓർത്തഡോക്സ് വൈദികനെ കാപ്പ ധരിച്ച് കൈവിലങ്ങു വച്ച് വഴിയെ നടത്തിച്ചതെങ്കിലും കുഞ്ഞൂഞ്ഞിന്റെ ക്രെഡിറ്റിൽ പെടുത്തേണ്ടെ?

3. കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിപ്പട്ടികയിൽ ഒറ്റ ഓർത്തഡോക്സ് സഭക്കാരനും ഇല്ലെന്നുറപ്പുവരുത്തുകയും വിഘടിതരുടെ നേതാവ് തങ്കച്ചന് ഹാട്രിക് തോല്‌വിക്കു കളമൊരുക്കുവാൻ സുരക്ഷിതമണ്ഡലം നൽകിയെന്നതും വിഘടിത വിഭാഗത്തിലെ അര ഡസനോളം പേർക്ക് സീറ്റ് നൽകിയതുമെല്ലാം മറന്നുപോയോ നിങ്ങൾ, പുത്തൻകുരിശു സൊസൈറ്റിക്കാരേ?

4. പുതുപ്പള്ളിയിൽ ആരാധനാലയം നിർമ്മിക്കുവാൻ വിഘടിതരുടെ സർവ്വതന്ത്രകുതന്ത്രങ്ങൾക്കും പിന്നാമ്പുറത്തു നിന്ന് സഹായം ചെയ്തത് മറ്റാരാണ്?

5. പരുമല പെരുന്നാളിന് ലഭിച്ച ക്ഷണം നിരാകരിക്കുകയും അതേ ദിവസം വിഘടിതരുടെ ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തതിലൂടെ ആരോടാണ് തനിക്ക് പ്രതിബദ്ധതയെന്ന് അദ്ദേഹം വെളിവാക്കിയില്ലേ?

6. ആലുവായിൽ അഡ്വക്കേറ്റ് ജനറലിന്റെ കാർ കത്തിച്ച സാമൂഹ്യവിരുദ്ധരെ പിടിച്ചു തങ്ങളുടെ ജോലി നിർവ്വഹിച്ച പാവം പോലീസുകാരെ സസ്പെൻഡ് ചെയ്യുകയും പൊതുമുതൽ നശിപ്പിച്ചവരെ കേസിൽ നിന്ന് രക്ഷപെടുത്തുകയും ചെയ്തത് കുഞ്ഞൂഞ്ഞ് നാഴികക്ക് നാല്പതുവട്ടം ഉരുവിട്ടിരുന്ന "നിയമം നിയമത്തിന്റെ വഴിക്ക്" എന്ന ആപ്തവാക്യ പ്രകാരം തന്നെയെന്ന് സമാധാനിക്കാം.

7. ഡി. ഐ. ജി. ശ്രീലേഖയെ അമ്മപെങ്ങന്മാരുള്ള ആർക്കും വിളിക്കാനാവാത്ത തെറി വിളിക്കുകയും മദ്യക്കുപ്പികൾ എളിയിൽ തിരുകിയ വൈദികരുൾപ്പെടെയുള്ളവർ ആവശ്യത്തിലേറെ പ്രകോപനം സൃഷ്ടിച്ച് പോലീസിന്റെ അടി ഇരന്നു വാങ്ങുകയും ചെയ്തപ്പോൾ ഡി. ഐ. ജി. ഉൾപ്പെടെ പല പോലീസുദ്യോഗസ്ഥരുടെയും കസേര തെറിപ്പിച്ച് നയം വ്യക്തമാക്കിയ അഭ്യന്തരമന്ത്രി കൂടിയായ അന്നത്തെ മുഖ്യമന്ത്രി കുഞ്ഞൂഞ്ഞിനെ ഇത്രപെട്ടെന്ന് നിങ്ങൾ മറന്നുവോ?

തൊഴിക്കും തോറും തൊഴുകയും, തൊഴുംതോറും തൊഴിക്കയും ചെയ്യുന്ന ആ ദൂഷിതവലയത്തിൽ നിന്നും പുതുപ്പള്ളി പുണ്യാളൻ കുഞ്ഞൂഞ്ഞിനെ രക്ഷിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ഇന്നല്ലെങ്കിൽ നാളെ സത്യം മനസ്സിലാക്കി മുടിയനായ പുത്രൻ തറവാട്ടിലേക്ക് തിരിച്ചുവരുമെന്നും പ്രതീക്ഷിക്കാം. പാലം കടക്കുവോളം നാരായണ എന്നും പാലം കടന്നുകഴിയുമ്പോൾ കൂരായണാ എന്നും ജപിക്കുന്ന പുത്തൻകുരിശു സൊസൈറ്റിയെ ശരിയായി വിലയിരുത്തുവാൻ ഇന്നത്തെ സർക്കാരിനു കഴിയുമെന്നും പ്രത്യാശിക്കാം.

# മുത്തൂറ്റ് ജോയിയും പുത്തൻ കുരിശു സൊസൈറ്റിയും

**സവ്യസാചി**

കഴിഞ്ഞയാഴ്ച നടന്ന അസോസിയേഷനിലെ അൽമായട്രസ്റ്റി തിരഞ്ഞെടുപ്പിൽ ഏഴായിരം കോടി രൂപായുടെ പ്രതിവർഷ ഇടപാടുകൾ നടത്തുന്ന വ്യവസായ പ്രമുഖനായ മുത്തൂറ്റ് ജോയി എന്ന എം. ജി. ജോർജ് മുത്തൂറ്റ് വിജയിച്ചതിൽ ഏറ്റവും ആഹ്ലാദിക്കുന്നതും ആശങ്കപ്പെടുന്നതും പുത്തൻകുരിശു സൊസൈറ്റിയാണെന്ന് അവരുടെ മുഖപത്രം പറയുന്നു. ഇതിനെപ്പറ്റി സവ്യസാചിക്ക് അൽപ്പം പറയാനുണ്ട്.

ഒന്നാമതായി, മലങ്കരസഭയുടെ അൽമായട്രസ്റ്റിയായി ആരു തിരഞ്ഞെടുക്കപ്പെട്ടാലും പുത്തൻകുരിശു സൊസൈറ്റിക്ക് എന്തു കാര്യം? 2002 -ൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്ത് സ്വതന്ത്ര സഭയായി, മലങ്കരസഭ വിട്ടുപോയവർ ഇനി അതേപ്പറ്റി ആശങ്കപ്പെടുന്നതിൽ വല്ല അർത്ഥവുമുണ്ടോ? ഇന്ത്യൻ പെന്തക്കോസ്തുകാരോ കെ. പി. യോഹന്നാൻ മെത്രാന്റെ സഭയോ മലങ്കരസഭാ തിരഞ്ഞെടുപ്പിനെപ്പറ്റി വല്ല അഭിപ്രായവും പറഞ്ഞോ? അത്രേം ബന്ധമേ മലങ്കരസഭയും പുത്തൻകുരിശു സൊസൈറ്റിയുമായി ഉള്ളൂ.

രണ്ടാമതായി, മുത്തൂറ്റ് ജോയിയുടെ തിരഞ്ഞെടുപ്പു പ്രചാരണ ശൈലിയെപ്പറ്റി എന്ത് എതിരഭിപ്രായമുണ്ടെങ്കിലും അദ്ദേഹം ജയിച്ചത് തിരഞ്ഞെടുപ്പിൽ കൃത്രിമം കാണിച്ചാണെന്ന് ആരും പറയില്ല. കുറ്റമറ്റരീതിയിലാണ് രഹസ്യബാലറ്റിലൂടെ ട്രസ്റ്റിമാരെ തിരഞ്ഞെടുത്തത്. എതിരാളികളോ എതിർ സ്ഥാനാർത്ഥികളോ പോലും തിരഞ്ഞെടുപ്പ് കൃത്രിമത്തെപ്പറ്റി ഒരു പരാതിയും രഹസ്യമായോ പരസ്യമായോ ഉന്നയിക്കുന്നില്ല (അല്ല, ജനാധിപത്യപരമായ തിരഞ്ഞെടുപ്പ് എന്ന വസ്തു അങ്ങാടിയോ പച്ചയോ എന്നറിയാൻ വയ്യാത്ത പുത്തൻകുരിശു സൊസൈറ്റിക്കാരോട് ഇതു പറഞ്ഞിട്ടെന്തു കാര്യം).

മൂന്നാമതായി, മുത്തൂറ്റ് ജോയിയുടെ പശ്ചാത്തലം എന്തായാലും മലങ്കരസഭയിൽ കൂട്ടു ട്രസ്റ്റികൾക്ക് ചക്രത്തെ തൊടാൻ ഒരധികാരവുമില്ലെന്നത് പരസ്യമായ വസ്തുതയാണ്. സംശയമുണ്ടെങ്കിൽ മുൻ പാത്രിയർക്കീസു വിഭാഗം എന്ന ബാവാകക്ഷിയുടെ സ്ഥാപകനായ കോനാട്ട് മാത്തൻ മല്പാൻ, അക്കര സി. ജെ. കുര്യൻ എന്നീ മുൻ കൂട്ടു ട്രസ്റ്റിമാരോട് ചോദിക്കുക. 1934-ലെ മലങ്കരസഭാ ഭരണഘടനയും വായിച്ചു നോക്കുക.

നാലാമതായി, മുത്തൂറ്റ് ജോയിക്ക് ഇച്ചിരെ ബ്ലേഡിന്റെ ബിസിനസ്സുണ്ടെന്നല്ലാതെ കൊലപാതകം, ഏഴാം കല്പന ലംഘനം മുതലായ 'സ്വഭാവഗുണങ്ങളൊന്നും' ശത്രുക്കൾ പോലും അദ്ദേഹത്തിൽ ആരോപിക്കില്ല. അദ്ദേഹം മലങ്കരസഭയുടേയോ ഏതെങ്കിലും സൊസൈറ്റിയുടേയോ തലവനുമല്ല.

ഇത്രേം എഴുതികഴിഞ്ഞപ്പം സവ്യസാചിക്കൊരു സംശയം. മുത്തൂറ്റ് ജോയി എന്തൊരു മണ്ടനാ. ഏഴായിരംകോടി രൂപായുടെ പ്രതിവർഷ ഇടപാടു നടത്തുന്ന ഈ ബിസിനസുകാരൻ എത്ര കഷ്ടപ്പെട്ടാ ഈ സ്ഥാനത്തു വന്നത്. നാലായിരത്തിൽ ചില്വാനം വോട്ടർമാരെ, അതും ഇന്ത്യാ മഹാരാജ്യം മുഴുവനും പിന്നെ വിദേശത്തും കഴിയുന്നവരെ നേരിട്ടു ബന്ധപ്പെട്ടു. സ്വാധീനിക്കേണ്ടവരെ സ്വാധീനിച്ചു; അല്ല സ്വാധീനിപ്പിച്ചു. എന്തിന് വോട്ടില്ലാത്ത അൽമായവേദിക്കാരെപ്പോലും ബന്ധപ്പെടേണ്ടി വന്നു. അഞ്ചാറുമാസം വെയിലുകൊണ്ടിട്ടും വോട്ടെണ്ണികഴിയുന്നതുവരെ തീ തിന്നേണ്ടിയും വന്നു. എന്നാലും കൊല്ലം അഞ്ചു തികഞ്ഞാ അപ്പോൾ തീരും ട്രസ്റ്റിസ്ഥാനം. ഇതിന്റെ വല്ല കാര്യവുമുണ്ടായിരുന്നോ മുത്തൂറ്റ് ജോയി? പുത്തൻകുരിശു സൊസൈറ്റിയിലായിരുന്നെങ്കിലോ? ഏഴായിരം കോടി ടേണോവർ എന്ന ഒറ്റ പശ്ചാത്തലം മതി, ഏതു സ്ഥാനവും കിടയ്ക്കാൻ. ഓട്ടു പിടിക്കാനോ വെയിലു കൊള്ളാനോ, തീ തിന്നാനോ ഒന്നും പോകേണ്ട. സർക്കാർ ഏകജാലക സംവിധാനമെന്നു പറയുന്നപോലെ ഒരൊറ്റ പോയിന്റിൽ ചെല്ലേണ്ടതു ചെന്നാൽ ഏതൊരു സ്ഥാനവും വീട്ടിൽ കൊണ്ടെത്തരും. വേണേൽ വല്ല ഷവലിയാരോ, കമാണ്ടറോ, സുറിയാനിയിലെ വല്ല കടിച്ചാപൊട്ടാത്ത പദമോ ബോണസായി വേറെ ലഭിക്കും. മരിക്കുന്ന വരെയോ അല്ലെങ്കിൽ മറ്റാരെങ്കിലും ഒരു പണത്തൂക്കം മുന്നേറുന്ന വരെയോ സ്ഥാനം സേഫ്. എന്ത് സുഖം! എന്തൊരനുഭൂതി! ഇതാ പറഞ്ഞെത്, മുത്തൂറ്റ് ജോയി മണ്ടനാണെന്ന്.

കോനാട്ട് മാത്തൻ മല്പാന്റെ കൊച്ചു മകനായതുകൊണ്ട് പുതിയ വൈദികട്രസ്റ്റി പുത്തൻകുരിശു സൊസൈറ്റിയിൽ ചേരുമെന്ന് മുഖപത്രക്കാർ ദിവാസ്വപ്നം കാണുന്നുണ്ട്. അതേ കാരണം കൊണ്ടു തന്നെ അദ്ദേഹം ആനമണ്ടത്തരം കാണിക്കില്ലെന്ന് മലങ്കരസഭയ്ക്കുമറിയാം. തേവർവേലിൽ മത്തായി കത്തനാരുടെ പ്രപൗത്രനായതുകൊണ്ടായിരിക്കാം മുത്തൂറ്റ് ജോയിയിൽ പുത്തൻകുരിശു സൊസൈറ്റിക്കാർ യാതൊരു പ്രതീക്ഷയും വച്ചു പുലർത്താത്തത്.

പുത്തൻകുരിശു സൊസൈറ്റിക്കാരുടെ അവകാശവാദം യാക്കോബായ എന്ന പഴയ പാത്രിയർക്കീസു വിഭാഗം എന്ന ബാവാകക്ഷിയുടെ പിന്തുടർച്ചക്കാരാണ് അവർ എന്ന്. 2002 -ലെ പരുമല അസോസിയേഷനും അതു സ്വീകരിച്ച സുപ്രീംകോടതിവിധിയും മൂലം മുൻ ബാവാകക്ഷി ഇല്ലാതായി. 2002 -ൽ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു പ്രസ്ഥാനം മാത്രമാണ് പുത്തൻകുരിശു സൊസൈറ്റി. മുമ്പ് ക്രിസ്തുമസിനു മുളച്ചു പൊന്തിയിരുന്ന കപ്പക്കാലാ ക്ലബ്ബുകൾ പോലെ. അത്രയൊന്നും നിയമപരമായി പോകേണ്ട. മുൻ പാത്രിയർക്കീസു വിഭാഗത്തിന്റെ നേതാക്കളും ഇപ്പോഴത്തെ പുത്തൻകുരിശു സൊസൈറ്റി തലവന്മാരും തമ്മിൽ ആഭിജാത്യം, സ്വഭാവശുദ്ധി, ജീവിതനിഷ്ഠ, അനുയായികളുടെ നിലവാരം മുതലായവയിൽ ഒരു താരതമ്യ പഠനം നടത്തിയാൽ മതി തമ്മിലുള്ള ബന്ധം പകൽ പോലെ വ്യക്തമാകാൻ.

●

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## തലവഴി മുണ്ടിട്ട ഷെവലിയർമാർ

റോമിലെ പോപ്പിനെ അനുകരിച്ച് 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരയിലെ കുഞ്ഞാടുകൾക്ക് കല്പിച്ച് ഷെവലിയാർ സ്ഥാനം നൽകി തുടങ്ങിയത്. അന്നൊക്കെ കൂട്ടത്തിൽ ഇച്ചിരെ അന്തസും ആഭിജാത്യവും ഉള്ളവർക്കായിരുന്നു ഷെവലിയാർ സ്ഥാനം. പാത്രിയർക്കീസ് വിഭാഗം ഇല്ലാതായി, പുത്തൻകുരിശു സൊസൈറ്റി പൊട്ടിമുളച്ചപ്പോൾ സംഗതിയാകെ ജനവൽക്കരിച്ചു. ഇപ്പം കോട്ടയത്തു പോസ്റ്ററൊട്ടിച്ചു നടക്കുന്ന കേഫാക്കാരനും ഷെവലിയാരാണ്. മേടിക്കാൻ ശീമേലൊന്നും പോകേണ്ട. ചെല്ലാ നടച്ചാൽ സാധനം പുത്തൻകുരിശിൽ റെഡി. ഇതോടെ നാണക്കേടായ പഴയ (ഒറിജിനൽ) ഷെവലിയാർമാർ ഒന്നുകിൽ സ്ഥാനത്തെക്കുറിച്ചു മിണ്ടാതിരിക്കുക, അല്ലെങ്കിൽ വല്ല കമാണ്ടറായും പ്രമോഷൻ സംഘടിപ്പിക്കുക എന്ന ലൈനിലാണ്. അത്ര നാണക്കേടാണത്രേ പുതിയ ഷെവലിയാർമാർ.

Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi
(Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad